**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3787** | **11.11.2019-ൽ മറുപടിക്ക്**

**വ്യാജ ഒസ്യത്ത് ചമച്ച് ഭൂമി തട്ടിയെടുത്തതിന്റെ പേരിൽ കേസ്**

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) റിട്ട.ജുഡീഷ്യൽ മജിസ്ട്രേട്ട് പരേതനായ ലിങ്കൺ എബ്രഹാമിന്റെ പേരിൽ താമരശ്ശേരിയിലുള്ള ഭൂമി വ്യാജ ഒസ്യത്ത് തയ്യാറാക്കി തട്ടിയെടുത്തുവെന്ന് ആരോപിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; | (എ) പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ പരാതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) 2015 സെപ്റ്റംബർ 22-ാം തീയതി താമരശ്ശേരി സബ് രജിസ്ട്രാർ ഓഫീസിൽ കോഴിക്കോട് ഡി.സി.സി പ്രസിഡണ്ട് ടി സിദ്ദീഖ്, ഡി. സി. സി. ജനറൽ സെക്രട്ടറി ഹബീബ് തമ്പി, മുൻ കെ.പി.സി.സി സെക്രട്ടറി എൻ.കെ അബ്ദുറഹിമാൻ എന്നിവരുടെ പേരിൽ കോടിക്കണക്കിന് വില വരുന്ന വസ്തു പ്രമാണം ചെയ്തിട്ടുണ്ടെന്നും, റിട്ടയേർഡ് ജുഡീഷ്യൽ ഓഫീസറായിരുന്ന ലിങ്കൺ എബ്രഹാം തന്റെ പിതാവിന്റെ നാമധേയത്തിലുള്ള കെ.എം എബ്രഹാം ചാരിറ്റബിൾ ട്രസ്റ്റിന് വേണ്ടി ഒസ്യത്ത് പ്രകാരം നീക്കിവച്ച വസ്തുവാണ് കോൺഗ്രസ് നേതാക്കൾ തട്ടിയെടുത്തതെന്നും, ഈ തട്ടിപ്പിനും, വ്യാജ ഒസ്യത്ത് നിർമ്മാണത്തിനും, പിന്നിൽ പ്രവർത്തിച്ചവർക്കെതിരെ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്നുമാണ് പരാതിയിൽ ഉന്നയിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയമിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | നിലവിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയമിച്ചിട്ടില്ല. |
| (ഡി) | അന്വേഷണത്തിന്റെ ഭാഗമായി ആരെയെല്ലാമാണ് ചോദ്യം ചെയ്തതെന്നും കേസിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ? | (ഡി) | പരാതിയിന്മേലുള്ള അന്വേഷണത്തിന്റെ ഭാഗമായി പരാതിക്കാരനായ എ.എച്ച്. ഹാഫിസിന്റെയും, ടി. സിദ്ദിഖ്, എൻ.കെ അബ്ദു റഹിമാൻ, ഹബീബ് തമ്പി, ഫിലോമിൻ എബ്രഹാം , ജീൻ അർജ്ജുൻ കുമാർ, ദേവസ്യ പി.വി എന്നിവരുടെയും മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ പരാതിയിൽ പറയുന്ന കാര്യത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.